# അദ്ധ്യായം 1

# മയ്യഴി എന്ന നാട്

മലയാളം മാതൃഭാഷയായുള്ള കേരളത്തിലല്ലാത്ത ഒരു സ്ഥലം എന്ന കുസൃതിച്ചോദ്യത്തിന് ഉത്തരം മയ്യഴി എന്നാണ്. വടക്കൻ കേരളത്തിലെ കണ്ണൂർ, കോഴിക്കോട് ജില്ലകൾക്കിടയിലുള്ള ഒമ്പത് ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 52,000 ജനസംഖ്യയുമുള്ള ഈ ദേശം ചരിത്രപരമായ കാരണങ്ങളാൽ പുതുച്ചേരി എന്ന കേന്ദ്രഭരണപ്രദേശത്തിന്റെ ഭാഗമാണ്. അതിനാൽ രാഷ്ട്രീയമായി കേരളത്തിനു പുറത്താണ് മയ്യഴി. സാംസ്കാരികമായി കേരളത്തിന്റെ അവിഭാജ്യഭാഗവുമാണ്. മറ്റെല്ലാ കേന്ദ്രഭരണപ്രദേശങ്ങളിലും എന്നതുപോലെ കുറഞ്ഞ നികുതിമാത്രമേ പുതുച്ചേരിയിലും ഉള്ളൂ. അതിനാൽ വിലക്കുറവിന്റെ വിപണിയായി മയ്യഴി ശ്രദ്ധ പിടിച്ചുപറ്റി. കേന്ദ്രസർക്കാർ നികുതി പരിഷ്കരിച്ച് ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് വന്നതോടെ നികുതിയിളവ് മദ്യത്തിനും വാഹനങ്ങൾക്കുള്ള ഇന്ധനങ്ങൾക്കും മാത്രമായി. മുകുന്ദന്റെ *മയ്യഴിപ്പുഴയുടെ തീരങ്ങളിൽ* എന്ന നോവൽ പ്രസിദ്ധീകരിക്കപ്പെട്ടതിനുശേഷം ഫ്രഞ്ച് സംസ്കാരവും പുരാവൃത്തങ്ങളും ചരിത്രവും ഇഴചേർന്നുകിടക്കുന്ന ഒരു മായികഭൂമിയുടെ പരിവേഷം മയ്യഴിക്കുണ്ട്. രണ്ട് മയ്യഴിയുണ്ട്; ഒന്ന് ദൈവം സൃഷ്ടിച്ചത്, മറ്റൊന്ന് ഞാൻ സൃഷ്ടിച്ചത് എന്ന് ഒരിക്കൽ എം. മുകുന്ദൻ എഴുതിയതിൽ അതിശയോക്തിയില്ല.

മയ്യഴി എന്ന ദേശത്തിന്റെ ചരിത്രം ആരംഭിക്കുന്നത് ഫ്രഞ്ചുകാരുടെ വരവോടെയാണ്. അതിനുമുമ്പ് ഈ നാട് ഇവിടെ ഉണ്ടായിരുന്നു. എന്നാൽ ഒരു പേരുവിളിച്ച് അടയാളപ്പെടുത്തേണ്ടതായി ഒന്നും ഈ ദേശത്തിനുണ്ടായിരുന്നില്ല. രണ്ട് ചെറു നാടുവാഴികൾ

ഈ ദേശത്തിന്റെ ഉടമസ്ഥതയെക്കുറിച്ച് തർക്കിക്കുകയും പരസ്പരം പോരടിക്കുകയും ചെയ്തിരുന്നതായി പഴയ ചരിത്രരേഖകളിൽ കാണാം. തണ്ടരപ്പള്ളിക്കുറുപ്പന്മാരുടെ കുടുംബത്തിന്റെ അധീനതയിലായിരുന്നു മയ്യഴി ഉൾപ്പെടുന്ന സ്ഥലം. ഈ ദേശം മക്കൾക്കും മരുമക്കൾക്കുമായി വീതിച്ചുനല്കിയ വിവരം മയ്യഴിയുടെ ചരിത്രകാരനായ സി. എച്ച്. ഗംഗാധരൻ ഒരു കുടുംബചരിത്രത്തിൽനിന്ന് കണ്ടെത്തിയിട്ടുണ്ട്.[1] മരുമക്കളുടെ അധീനതയിലുണ്ടായിരുന്ന സ്ഥലമാണ് മയ്യഴി. മക്കൾക്ക് ലഭിച്ച സ്ഥലം അഴിയൂർ.

1721 മാർച്ച് മാസത്തിലാണ് ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധി വ്യാപാരബന്ധം സ്ഥാപിക്കാനായി കടത്തനാട് വാഴുന്നവരുടെ മുന്നിലെത്തുന്നത്. കമ്പനി പ്രതിനിധിയായ ആന്ദ്രെ മൊല്ലന്തേൻ 1721 ഏപ്രിൽ 2ന് വാഴുന്നവരുമായി വ്യാപാരക്കരാറുണ്ടാക്കി.

വാഴുന്നവരും മൊല്ലന്തേനും ഏപ്രിൽ 2-ന് ഒപ്പുവെച്ച കരാറിലെ വ്യവസ്ഥകൾ ഇപ്രകാരമായിരുന്നു:[2]

1. വടകര രാജകുമാരനായ വാഴുന്നവർ എന്ന ഞാൻ ഫ്രാൻസിലെ രാജകീയ കമ്പനിക്ക് മയ്യഴിയുടെ നദിക്കരയിൽ ആവശ്യാനുസരണം വലിപ്പമുള്ള ഒരു ലോഡ്ജ് നിർമ്മിക്കാൻ അനുമതി നല്കുന്നു.

2. എന്റെ ഭൂമിയിലെ കുരുമുളക് കമ്പനിക്ക് ആവശ്യമായത്ര നൽകാതെ ഒരു യൂറോപ്യനും ഒരു കാരണവശാലും നൽകില്ലെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു, കൂടാതെ എന്റെ രാജ്യത്തെ നിലവിലെ നിരക്കുകൾക്കനുസൃതമായി മൊല്ലന്തേൻ വില നല്കേണ്ടതാണ്.

3. കുരുമുളകിന് ഒരു കണ്ടിക്ക് കോഴിക്കോട്ടെ 13 പണവും ഏലക്കായ്ക്ക് ഒരു കണ്ടിക്ക് 26 പണവും കമ്പനി എനിക്ക് നല്കണം. ഈ നാട്ടിനു പുറത്തുനിന്നുള്ള സാധനങ്ങൾക്ക് രാജ്യത്തിന്റെ വിലനിലവാരം അനുസരിച്ച് കമ്പനി എനിക്ക് പണം നല്കും. ഇക്കാര്യത്തിൽ മുകളിലെ അവകാശം നിലനില്ക്കും.

---

[1] സി. എച്ച്. ഗംഗാധരൻ, മയ്യഴി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ. 2023. പുറം 30-31.

[2] Alfred Martineau, The Origin of Mahe of Malabar, Mahe, 2004. Pp.22-23.

4. എന്റെ കപ്പലുകളുടെ യാത്രയ്ക്ക് ആവശ്യമായത്ര കപ്പിത്താന്മാരെയും വഴികാട്ടികളെയും തരികയും കമ്പനിയുടെ കൊടിക്കീഴിൽ എന്റെ കപ്പലുകളുടെ യാത്രയ്ക്ക് അനുമതിയും തരും.

5. ബ്രാഹ്മണരെയും സ്ത്രീകളെയും ദുഃഖിപ്പിക്കരുത്. എന്റെ ഭൂമിയിൽ പശുക്കളെ കൊല്ലരുത്. കമ്പനിയുമായി നല്ല ധാരണയിൽ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

6. ഞാൻ എന്റെ അയൽപ്രദേശങ്ങളുമായി യുദ്ധത്തിൽ ഏർപ്പെട്ടാൽ, കമ്പനി കഴിയാവുന്നത്ര സൈന്യത്തെ തന്ന് എന്നെ സഹായിക്കും, കമ്പനിയുടെ ജീവനക്കാരെ അപമാനിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ എന്റെ ഭാഗത്തുനിന്നും, എന്റെ സൈന്യത്തെ ഉപയോഗിച്ച് ഞാൻ കമ്പനിയെ സഹായിക്കും.

മയ്യഴിയിൽനിന്ന് ഏറെ അകലെയല്ലാതെ, തലശ്ശേരിയിൽ ബ്രിട്ടീഷുകാർ അവരുടെ വ്യാപാരകേന്ദ്രം സ്ഥാപിച്ചിരുന്നു. മലബാർ തീരത്ത് ഫ്രഞ്ചുകാർക്ക് കോഴിക്കോട്ടും മയ്യഴിയിലും മാത്രമേ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുള്ളൂ. എങ്കിലും അവരുടെ വർദ്ധിച്ചുവരുന്ന സ്വാധീനം സ്വന്തം വ്യാപാരതാല്പര്യങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ ബ്രിട്ടീഷുകാർ ഫ്രഞ്ച് താവളങ്ങൾ തകർക്കാൻ ശ്രമിച്ചിരുന്നു.

കുരുമുളക് വ്യാപാരത്തിന്റെ കുത്തകനിലനിർത്തുവാൻ പണക്കുറവുകാരണം ഫ്രഞ്ചുകാർക്ക് സാധിച്ചില്ല. അതിൽ അസംതൃപ്തനായ വാഴുന്നവർ ഫ്രഞ്ചുകാരുമായുള്ള കരാർ റദ്ദാക്കുകയും മയ്യഴിയിൽ നിന്ന് 1725 തുടക്കത്തിൽ അവരെ പുറത്താക്കുകയും ചെയ്തു. ബ്രിട്ടീഷുകാരുടെ ഉപജാപമായിരുന്നു ഇതിനു പിന്നിൽ. എന്നാൽ പുതുച്ചേരിയിലെ ഫ്രഞ്ച് ഗവർണർ ആറ് കപ്പലുകൾ മർക്വീ ദ പർദയ്യാനി(Marqis de Pardallian)ന്റെ നേതൃത്വത്തിൽ മയ്യഴി വീണ്ടെടുക്കാനായി അയച്ചു. കൂട്ടത്തിൽ ഒരു കപ്പലിന്റെ കപ്പിത്താനായ മയെ ദ ലബൂർദ്ദൊനെ (Mahe de Labourdonnais) വാഴുന്നവരെ പാരാജയപ്പെടുത്തി മയ്യഴി പിടിച്ചടക്കി, 1725 ഡിസംബർ 3ന് ഫ്രഞ്ച് ആധിപത്യം പുനഃസ്ഥാപിച്ചു. ആ അധികാരം 1954 ജൂലായ് 14-വരെ നീണ്ടുനിന്നു. [3]

[3] 1948-ൽ ഒരാഴ്ചക്കാലം ഫ്രഞ്ചാധിപത്യം സ്വാതന്ത്ര്യസമരസേനാനികൾ തകർത്തിരുന്നു. അതിനെക്കുറിച്ച് മറ്റൊരിടത്ത് വിശദമായി പറയുന്നുണ്ട്.

1673-ലാണ് ഇന്ത്യയിലെ ആദ്യത്തെ ഫ്രഞ്ച് താവളം സ്ഥാപിക്കപ്പെടുന്നത്. ഇന്നത്തെ പശ്ചിമ ബംഗാളിലെ ഹൂഗ്ലി ജില്ലയിലെ ചന്ദ്രനാഗോർ പതിനാറ് ചതുരശ്ര കിലോമീറ്റർ മാത്രം വിസ്തൃതിയുള്ള ചെറുപ്രദേശമായിരുന്നു. 1674-ലാണ് പോണ്ടിച്ചേരിയിലെ ഫ്രഞ്ച് കേന്ദ്രം സ്ഥാപിക്കപ്പെടുന്നത്. ഈ സ്ഥലങ്ങളെല്ലാം, മയ്യഴിയുടെ കാര്യത്തിലെന്നപോലെ ആ പ്രദേശങ്ങളുടെ ഭരണാധികാരികൾക്ക് പ്രതിഫലമായി പണം നല്കി അധികാരം നേടിയതാണ്. ഫ്രഞ്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ഉദ്യോഗസ്ഥരാണ് ഭരണപരമായ കാര്യങ്ങൾ നിർവ്വഹിച്ചിരുന്നത്.

ഫ്രഞ്ച് അധീനപ്രദേശങ്ങൾക്ക് ഒരു ഗവർണ്ണർ നിയോഗിക്കപ്പെടുന്നതിനു മുമ്പ് ക്രമസമാധാനപാലനത്തിനും നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുമായി ഒരു സംവിധാനം നിലവിൽ വരുന്നുണ്ട്. 1701-ലെ ദെക്രെ (Decret) അഥവാ കല്പനയുടെ അടിസ്ഥാനത്തിൽ തദ്ദേശീയരായ എട്ട് പ്രമുഖവ്യക്തികളെ ഉൾപ്പെടുത്തി പ്രാദേശികനിയമങ്ങളും കീഴ്‌വഴക്കങ്ങളും അടിസ്ഥാനമാക്കി, നാട്ടുകാരുടെ നിയമപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി, ഫ്രഞ്ച് നിയമപാലകരെ സഹായിക്കാനുള്ള ഷാമ്പ്ര് ദ കോൺസൽത്താസ്യോം (Chambre de Consultation) 1778-ൽ രൂപീകരിക്കുന്നുണ്ട്. ഇതാണ് മയ്യഴിയിലെ കോടതിയുടെ ആദ്യരൂപം. 1842-ലെ രാജകീയ ഉത്തരവിന്റെ (The Royal Ordinance of 7th February, 1842.) അടിസ്ഥാനത്തിൽ ഫ്രഞ്ച് നിയമങ്ങൾ, ക്രിമിനൽ ചട്ടങ്ങൾ ഒഴികെ, ഫ്രഞ്ച് അധീനപ്രദേശങ്ങളിൽ പ്രാബല്യത്തിൽവന്നു. അതിൽ, ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രൈസ്തവർ എന്നീ വിഭാഗങ്ങൾക്ക് അവരുടെ പരമ്പരാഗതമായ ആചാരവ്യവസ്ഥകൾ പിന്തുടരുവാൻ ഇളവ് നല്കിയിരുന്നു.

പഴയ കോടതി ശവശരീരത്തെ വിചാരണചെയ്ത് ശിക്ഷിച്ചതിന്റെ അസാധാരണമായ ചരിത്രം സി. എച്ച്. ഗംഗാധരൻ എഴുതിയിട്ടുണ്ട്.[4] മലബാറുകാരിയും ക്രിസ്തുമതവിശ്വാസിയുമായ ഇരുപത്തെട്ടു വയസ്സുകാരിയായ ചിന്നി ഒരു മിഷിനറിയുടെ വീട്ടുവളപ്പിൽ തൂങ്ങിമരിച്ചു. ഈ കുറ്റത്തിന് ചിന്നിയുടെ ജഡത്തെ വിചാരണ ചെയ്തു. ജഡം ഉത്തരമൊന്നും പറയാതിരുന്നതിനാൽ ശിക്ഷിച്ചു. ചിന്നിയുടെ ജഡം ഉന്തുവണ്ടിയിൽ കയറ്റി നിലത്തുമുട്ടുന്ന വിധത്തിൽ

[4] സി. എച്ച്. ഗംഗാധരൻ, മയ്യഴി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.2023. പുറം 100.

കൊണ്ടുപോകാനും തലയിൽ പൊതുജനങ്ങൾ കാണുന്ന ഇടത്തു വെച്ചാല്ലാം ഇരുമ്പാണികൾ അടിച്ചുകയറ്റാനുമായിരുന്നു വിധി!

ഫ്രഞ്ച് ഭരണകാലത്ത് മയ്യഴിയിലെ കോടതിയിലെ വിധിക്കെതിരെ അപ്പീൽ നല്കേണ്ടത് പുതുച്ചേരിയിലെ കോടതിയിലാണ്. ആ കോടതിയുടെ വിധിക്കെതിരെ അപ്പീൽ പോകണമെങ്കിൽ പാരീസിലെ സുപ്രീം കോടതിയിൽ നല്കണമായിരുന്നു. ഇപ്പോൾ മയ്യഴിക്കോടതിയുടെ ജില്ലാ കോടതി പുതുച്ചേരിയിലും ഹൈക്കോടതി ചെന്നൈയിലുമാണ്.

കോടതിഭാഷ ഫ്രഞ്ച് ആയതിനാൽ വിചാരണസമയത്ത് നാട്ടുകാരുടെ മൊഴി ഫ്രഞ്ചിലാക്കുവാൻ വിവർത്തകൻ കോടതിയുടെ ഭാഗമായി ഉണ്ടായിരുന്നു. ഇപ്പോഴും മയ്യഴിക്കോടതിയിൽ വിവർത്തനം ചെയ്യാൻ ആളുണ്ട്. ഫ്രഞ്ചല്ല ഇപ്പോൾ ഭാഷാപ്രശ്നം. മിക്കവാറും ജഡ്ജിമാർ മലയാളഭാഷ അറിയാത്തവരായിരിക്കും എന്നതിനാൽ ഫ്രഞ്ചുകാരുടെ കാലത്തെ സംവിധാനം തുടരുകയാണ്.

ഫ്രഞ്ച് മയ്യഴിയിലെ കോടതിയിൽ അഭിഭാഷകരെ സംബന്ധിച്ച കൗതുകകരമായ ഒരു വ്യവസ്ഥയുണ്ടായിരുന്നു. നാല് അഭിഭാഷകർക്ക് മാത്രമേ കോടതിയിൽ ഹാജരാകാൻ അനുവാദം നല്കിയിരുന്നുള്ളു. ഈ നാലുപേരിൽ ഒരാൾ മരിക്കുകയോ ജോലി ഉപേക്ഷിക്കുകയോ ചെയ്താൽ മാത്രമേ പുതുതായി ഒരാൾക്ക് അനുവാദം നല്കുമായിരുന്നുള്ളൂ. 1954-ൽ ഫ്രഞ്ച് ആധിപത്യം അവസാനിച്ചെങ്കിലും 1962-ലാണ് ഇന്ത്യൻ നിയമം മയ്യഴിയിൽ പ്രാവർത്തികമായത്.

ഇന്ത്യയിൽ മറ്റൊരു രാജ്യത്തെ സിവിൽ കോഡ് അനുസരിച്ച് കേസ് ഫയൽ ചെയ്തുകൊണ്ടിരിക്കുന്ന കോടതിയാണ് മയ്യഴിയിലേത്. ഫ്രഞ്ച് പൗരത്വമുള്ള നാട്ടുകാരായ ആളുകളുടെ വിവാഹസംബന്ധിയായ വിഷയങ്ങളിലും 1979-ന് മുമ്പ് ജനിച്ച ആളുകളുടെ ജനന റജിസ്ട്രേഷനിൽ തിരുത്ത് വരുത്തുവാനുമാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത്. ഇങ്ങനെ ഫയൽ ചെയ്യപ്പെടുന്ന കേസുകൾക്ക് എത്താ സിവിൽ (État Civil) ഒറിജിനൽ പെറ്റീഷൻ എന്നു പറയുന്നു.

ഒരു കൊളോണിയൽ ഭരണത്തിന്റെ കേന്ദ്രസ്ഥാനം അവർ നിർമ്മിക്കുന്ന കോട്ടകളാണ്. അവ സൈനികത്താവളങ്ങളും പാണ്ടികശാലകൾ ഇല്ലാത്ത സ്ഥലങ്ങളിൽ യൂറോപ്പിലേക്ക് കപ്പൽ മാർഗ്ഗം അയക്കാനുള്ള വിഭവങ്ങളുടെ സംഭരണകേന്ദ്രവുമായിരിക്കും. ഫ്രഞ്ച് വാണിജ്യകേന്ദ്രത്തിനായി മയ്യഴിയിൽ പാണ്ടികശാലയും കോട്ടയും പണിയുന്നത് 1739 ഡിസംബറിലാണ്. സെന്റ് ജോർ ജ്ജ് കോട്ട എന്നാണ് അവർ അതിന് പേര് നല്കിയത്. ദുഫേൻ, കൊന്തേ എന്നീ പേരുകളിലുമുള്ള കോട്ടകളും അവർ പണിതിട്ടുണ്ട്. ഫോർട്ട് മാഹി എന്ന പേരിൽ അറിയപ്പെട്ട കോട്ടയുടെ അവശിഷ്ടം ഇന്നും മാഹി ബസലിക്കയുടെ അടുത്തുള്ള മാളിയേമ്മൽ പറമ്പിൽ കാണാം. മറ്റൊരു കോട്ടയുടെയും അവശിഷ്ടം പോലും കാണാനില്ല.

1754-ലാണ് മൂപ്പൻസായിപ്പിന്റെ ബംഗ്ലാവ് എന്ന് മയ്യഴിക്കാർ വിളിച്ചിരുന്ന മയ്യഴിയിലെ ഫ്രഞ്ച് അഡ്മിനിസ്ട്രേറ്ററുടെ ബംഗ്ലാവ് പണിയുന്നത്. അക്കാലം വരെ അധികാരത്തിന്റെയും കച്ചവടത്തി ന്റെയും സൈനികരുടെയും കേന്ദ്രമായിരുന്ന സെന്റ് ജോർജ്ജ് കോട്ട. മയ്യഴിപ്പുഴയുടെ തീരത്ത് അഴിമുഖം നിരീക്ഷിക്കാവുന്ന വിധത്തിൽ തന്ത്രപ്രധാനമായ സ്ഥലത്താണ് അഡ്മിനിസ്ട്രേറ്ററുടെ രണ്ടുനിലയുള്ള ആസ്ഥാനം പണിതത്. ഓലകൊണ്ട് മേഞ്ഞ മേൽ ക്കൂരയായിരുന്നു ആദ്യകാലത്ത് ഉണ്ടായിരുന്നതെന്ന് ഹെർമ്മൻ ഗുണ്ടർട്ടിന്റെ ശേഖരത്തിലുണ്ടായിരുന്ന ഒരു ചിത്രം തെളിയി ക്കുന്നു. പിന്നീട് അത് ഓടുമേഞ്ഞു. കെട്ടിടത്തിന്റെ രൂപം ഒരു മാറ്റവും വരുത്താതെ ഫ്രഞ്ചുകാർ വിട്ടുപോകുന്നതുവരെ കെട്ടിടം നിലനിറുത്തി. സ്വാതന്ത്ര്യത്തിനുശേഷം ചില പുതിയ ഭാഗങ്ങൾ കൂട്ടിച്ചേർക്കുകയും പഴക്കം ബാധിച്ച ഭാഗങ്ങൾ കേടുപാടുകൾ തീർത്ത് നിലനിറുത്തുകയും ചെയ്തു. ഫ്രഞ്ച് വാസ്തുശില്പമാതൃകയിൽ പണിത ഈ ബംഗ്ലാവിന്റെ താഴത്തെ നിലയിൽ വലിയ ശരറാ ന്തലുള്ള ബാൻക്വേ ഹാൾ ഉണ്ട്. കപ്പലിൽ വിദേശത്തുനിന്നും കൊണ്ടുവന്ന മനോഹരമായ ചിത്രപ്പണികളുള്ള ഇഷ്ടികകളാണ് തറയിൽ പതിച്ചിട്ടുള്ളത്.

ഫ്രഞ്ച് അധികാരത്തിൽ ക്രൈസ്തവരുടെ ആരാധനാലയത്തിന് പ്രമുഖസ്ഥാനമുണ്ട്. ഫ്രാൻസിൽ ചക്രവർത്തിമാരുടെ ഭരണം നില വിലിരുന്ന കാലത്ത് ഔദ്യാഗികമതമായി കത്തോലിസിസം അംഗീ കരിക്കപ്പെട്ടിരുന്നു. 1789-ലെ വ്യക്തി-പൗരസ്വാതന്ത്ര്യത്തെക്കുറി ച്ചുള്ള പ്രഖ്യാപനം മുതൽ മതസ്വാതന്ത്ര്യവും മതേതരവീക്ഷണവും

ഫ്രാൻസിൽ പ്രചാരത്തിൽവരുന്നുണ്ട്. എന്നിരുന്നാലും 1905-ൽ പള്ളിയും ഭരണകൂടവും തമ്മിലുള്ള ബന്ധം ഇല്ലാതാക്കിക്കൊണ്ടുള്ള പ്രഖ്യാപനംവരെ പള്ളിയ്ക്ക് സമൂഹത്തിലുണ്ടായിരുന്ന പ്രാധാന്യം തുടർന്നു. മയ്യഴിയിലെ സെന്റ് തെരേസയുടെ ദേവാലയത്തിന്റെ ചരിത്രത്തിന് ഫ്രഞ്ച് കൊളോണിയൽ ചരിത്രവുമായി ബന്ധമുണ്ട്. ആബ്ബേൽ ഗൊദ്ദാൻസ് എന്ന പുരോഹിതനാണ് ഈ പള്ളിയുമായി ബന്ധപ്പെട്ട ചരിത്രപുരുഷൻ. 1723-ൽ ഡെമിനിക് സെന്റ് ജോൺ ഓഫ് ദ ക്രോസ് എന്ന പേരായ ഒരു വൈദികനാണ് ആദ്യമായി മയ്യഴിയിൽ ഒരു പ്രാർത്ഥനാലയം സ്ഥാപിച്ചതെന്ന് സി. എച്ച്. ഗംഗാധരൻ കണ്ടെത്തിയിട്ടുണ്ട്. 1788-ൽ പള്ളി പുതുക്കിപ്പണിയുന്നത് ആബേൽ ഗൊദാൻസാണ് ഫ്രഞ്ച് രേഖകളിൽ ആബേൽ ഗൊദാൻസിന്റെ ചാപ്പൽ എന്ന് ആവർത്തിച്ച് പരാമർശിക്കുന്ന ദേവാലയമാണ് മയ്യഴിയിലേത്.

ചരിത്രവും ഐതിഹ്യവും ഇടകലർന്ന വിശ്വാസങ്ങളാണ് മയ്യഴിയിലെ പള്ളിയെക്കുറിച്ചുള്ളത്. അറബിക്കടലിലൂടെ യാത്രചെയ്യുകയായിരുന്ന ഒരു കപ്പൽ മയ്യഴിയുടെ ദിക്കിലെത്തിയപ്പോൾ കടലിൽ നിശ്ചലമായെന്നും കപ്പലിനെ മുന്നോട്ട് കൊണ്ടുപോകുവാൻ കപ്പിത്താൻ നടത്തിയ എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ തന്റെ മുറിയിൽ സൂക്ഷിച്ച തെരേസ പുണ്യവതിയുടെ പ്രതിമയ്ക്കുമുന്നിൽ മുട്ടുകാലിൽ വീണ് പ്രാർത്ഥിക്കുകയായിരുന്ന കപ്പിത്താനോട് തന്നെ മയ്യഴിയിൽ സ്ഥാപിക്കണമെന്ന് പുണ്യവതി അരുളപ്പാട് നല്കിയെന്നതാണ് പ്രശസ്തമായ ഐതിഹ്യം. കടലിൽ മീൻപിടിക്കാൻ പോയവരുടെ വലയിൽ കിട്ടിയതാണ് പുണ്യവതിയുടെ ശില്പം എന്ന് വേറൊരു വിശ്വാസവുമുണ്ട്. എന്തു തന്നെയായാലും മയ്യഴി മാതാവ് എന്നറിയപ്പെടുന്ന തെരേസ പുണ്യവതി ജാതി-മതഭേദമില്ലാതെ എല്ലാവരുടെയും ആരാധനാമൂർത്തിയാണ്. വടക്കൻ കേരളത്തിലെ ഏറ്റവും പുരാതനവും പ്രശസ്തവുമായ ഈ പള്ളി 2024-ൽ ബസലിക്കയായി. 2023 നവംബർ 21-ന് ബസലിക്കയാക്കാനുള്ള ശുപാർശ പോപ്പ് അംഗീകരിച്ചു. 2023 ഡിസംബർ 19-ന് ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ പോപ്പിന്റെ അംഗീകാരം പ്രഖ്യാപിച്ചു.

ഫ്രഞ്ച് ഭരണം ആരംഭിക്കുന്നതോടെ ഫ്രഞ്ച് ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ളവരെ ഉണ്ടാക്കിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഒരു വിദ്യാലയം മയ്യഴിയിൽ തുടങ്ങുന്നത് 1805-ൽ ക്രൈസ്തവപുരോഹിതരുടെ മുൻകയ്യിലാണ്. എല്ലാ ജാതി-മത

വിഭാഗങ്ങളിലുംപെട്ട കുട്ടികൾക്ക് ഈ വിദ്യാലയത്തിൽ ചേർന്ന് പഠിക്കാമായിരുന്നു. പിന്നീട്, ഫ്രാൻസിലെ വിദ്യാഭ്യാസരീതി വലിയ മാറ്റമൊന്നുമില്ലാതെ പിന്തുടരുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ പുതുച്ചേരിയിലെങ്ങും ആരംഭിക്കുന്നതിന്റെ ഭാഗമായി മാഹിയിലും തുടങ്ങി. ആൺകുട്ടികൾക്ക് എക്കോൽ ഗർസോം (École Garçon), പെൺകുട്ടികൾക്ക് എക്കോൽ ദ ഫീ (École de Filles), ഉയർന്ന ക്ലാസ്സുകളിലെ പഠനത്തിനായി എക്കോൽ സെംത്രാൽ എ കൂർ കോംപ്ലമാന്തേർ (École Centrale et Cours Complémentaires) എന്നിങ്ങനെയുള്ള ഫ്രഞ്ച് മാദ്ധ്യമത്തിൽ പഠനം നടത്തുന്ന സ്കൂളുകൾ ആരംഭിച്ചു. അതിൽ എക്കോൽ സെംത്രാൽ ഇപ്പോഴും മയ്യഴിയിൽ പ്രവർത്തിക്കുന്നു. ഹയർ സെക്കന്ററി പരീക്ഷയ്ക്കു തുല്യമായ ബ്രവേ പരീക്ഷയ്ക്ക് കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനമാണത്. പരീക്ഷയുടെ ആദ്യഭാഗമായ എഴുത്തുപരീക്ഷ മയ്യഴിയിൽ നടത്തും. അതിൽ വിജയിച്ചവർ പുതുച്ചേരിയിലെ എഴുത്തുപരീക്ഷയും ഒറാൽ എന്ന പേരിൽ അറിയപ്പെടുന്ന മുഖാമുഖപരീക്ഷയും വിജയിച്ചാൽ ബ്രവേ ലഭിക്കും. ഫ്രഞ്ചുകാരുടെ കാലത്തെ രീതി തന്നെയാണ് ഇപ്പോഴും വലിയ മാറ്റമില്ലാതെ ഈ വിദ്യാലയം പിന്തുടരുന്നത്.

ഫ്രഞ്ചധീനമയ്യഴിയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നല്കാനുള്ള സംവിധാനവും ഭരണാധികാരികൾ ഒരുക്കിയിരുന്നുവെന്നത് കൗതുകകരമായ വസ്തുതയാണ്. ലബൂർദൊനെ കോളേജ് എന്ന പേരിലുള്ള സ്ഥാപനം ആരംഭിക്കുന്നത് പത്തൊമ്പതാംനൂറ്റാണ്ടിലാണ്. മയ്യഴി പിടിച്ചടക്കിയ ഫ്രഞ്ച് നാവികത്തലവൻ ബെർട്രാൻഡ് ഫ്രൻസ്വാ മയേ ദ ല ബൂർദൊനെ[5] യുടെ പേരാണ് ആ വിദ്യാലയത്തിന് നല്കിയത്. മെട്രിക്കുലേഷൻ പരീക്ഷയ്ക്ക് പഠിപ്പിക്കുന്ന ഈ സ്ഥാപനം വളരെ പ്രശസ്തമായിരുന്നു. ലോകപ്രശസ്തചിത്രകാരനായ കെ. ജി. സുബ്രഹ്മണ്യവും മയ്യഴിയുടെ ഇതിഹാസകാരനായ എം. മുകുന്ദനും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥിയാണ്. സ്വാതന്ത്ര്യത്തിനുശേഷം 1966-ൽ ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയുടെ പേര് നല്കി ആ സ്ഥാപനം ജവഹർലാൽ നെഹ്റു ഹൈസ്കൂളായി. ഇപ്പോൾ അത് ഹയർ സെക്കന്ററി സ്കൂളാണ്.

മയ്യഴിയിലെ ആശുപത്രിയുടെ തുടക്കത്തെക്കുറിച്ച് ആൽഫ്രഡ് മർത്തിനോ പറയുന്നത് ലംബേർ എന്നൊരാൾ 1731-ൽ നൂറ്റൊന്ന് പഗോഡ ചെലവാക്കി ഒരു ആശുപത്രി തുടങ്ങിയിരുന്നുവെന്നാണ്.

[5] Bertrand-François Mahé de La Bourdonnais.

ഒപ്പിത്താൽ എന്നാണ് ആശുപത്രിയെന്ന അർത്ഥത്തിലുള്ള ഫ്രഞ്ച് വാക്ക്. ഉപ്പിലത്താളിപ്പറമ്പ് എന്നപേരിൽ ഒരു പറമ്പ് മയ്യഴിയിലുണ്ട്. പണ്ട് ഒപ്പിത്താൽ പ്രവർത്തിച്ചിരുന്ന സ്ഥലമായിരിക്കണം അതെന്നാണ് ഊഹിക്കുന്നത്. ഉപ്പിലത്താളി എന്ന വാക്കിന് വേറെയൊരു അർത്ഥം മലയാളത്തിൽ ഇല്ലല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിൽ മരുന്നറക്കുന്ന് എന്ന് അറിയപ്പെടുന്ന സ്ഥലത്തായിരുന്നു ആശുപത്രി. ഇന്ന് അതേസ്ഥലത്ത് കൂടുതൽ വിപുലമായ സംവിധാനങ്ങളോടെ ആശുപത്രി പ്രവർത്തിക്കുന്നു. പൊതുജനാരോഗ്യത്തിനും രോഗപ്രതിരോധത്തിനും പരിസരശുചിത്വത്തിനും ഫ്രഞ്ചുകാർ വലിയ പ്രാധാന്യം നല്കിയിരുന്നു.

മയ്യഴിയുടെയും ഫ്രഞ്ച് ഭരണത്തിൻകീഴിലുണ്ടായിരുന്ന മറ്റ് പ്രദേശങ്ങളുടെയും എടുത്തുപറയേണ്ട ഒരു സവിശേഷത നഗര സംവിധാനമാണ്. സമാന്തരമായി സംവിധാനം ചെയ്യപ്പെട്ട മുഖ്യപാതകളെ പരസ്പരം ബന്ധിപ്പിക്കുന്ന ചെറിയ പാതകൾ എന്ന ഘടനയാണ് ഈ നഗരസംവിധാനത്തിന്റെ സ്വഭാവം. പാരീസ്നഗരത്തിന്റെ സംവിധാനക്രമം ഇതുതന്നെയാണ്. കെട്ടിടങ്ങൾക്കെല്ലാം ക്രമമായി നമ്പർ നല്കിയിരിക്കും. അതിനാൽ പ്രയാസം കൂടാതെ ഏതൊരു സ്ഥലവും അപരിചിതരായവർക്കു പോലും കണ്ടെത്തുവാൻ സാധിക്കും. മുഖ്യപാതയുടെ വശങ്ങളിൽ രാത്രികാലത്ത് വെളിച്ചം നല്കാനായി മണ്ണെണ്ണവിളക്കുകൾ സ്ഥാപിച്ചിരുന്നു. ഈ വിളക്കുകളുടെ ചുമതല മുനിസിപ്പാലിറ്റിക്കായിരുന്നു. *മയ്യഴിപ്പുഴയുടെ തീരങ്ങളിൽ* എന്ന നോവലിൽ ഈ വിളക്കുകൾ തുടച്ച് വെടിപ്പാക്കി എണ്ണയൊഴിച്ച് കത്തിക്കുന്ന ഒരു കഥാപാത്രമുണ്ട്. വൈദ്യുതി വരുന്നതുവരെ ഈ സംവിധാനം തുടർന്നു. അവസാന കാലത്ത് വിളക്കുകൾ കത്തിച്ച കുഞ്ഞാപ്പ എന്നയാൾ ഇപ്പോഴും മയ്യഴിക്കാരുടെ ഓർമ്മയിലുണ്ട്.

നഗരാസൂത്രണത്തിന്റെ ഭാഗമായി ജലലഭ്യതയ്ക്കും കുടിവെള്ള വിതരണത്തിനും സംവിധാനം ഫ്രഞ്ചുകാർ ഒരുക്കിയിരുന്നു. കുന്നുകൾ നിറഞ്ഞ മയ്യഴിയിൽ ഉയരമുള്ള പ്രദേശങ്ങളിൽ വെള്ളം കിട്ടാൻ പ്രയാസമായിരുന്നു. അത്തരം സ്ഥലങ്ങളിലെല്ലാം ഫ്രഞ്ചുകാർ കിണറുകൾ കുഴിച്ചു. മുഖ്യപാതയുടെ വശങ്ങളിൽ ശുദ്ധജലം നിറച്ച വീപ്പകൾ സ്ഥാപിച്ചിരുന്നു. മാഹി ബസലിക്കയുടെ മുന്നിൽ സ്ഥാപിക്കപ്പെട്ട വീപ്പ ഇപ്പോഴും കാണാം. സിമന്റുകൊണ്ട് കെട്ടിയുണ്ടാക്കിയ ഉയർന്ന പ്രതലത്തിലാണ് സിമന്റുകൊണ്ട് നിർമ്മിച്ച

വീപ്പകൾ സ്ഥാപിച്ചിരുന്നത്. മാഹി പള്ളിയുടെ തെക്കുവശത്തു നിന്ന് തുടങ്ങുന്ന പാത റെയിൽവേസ്റ്റേഷനിലേക്കുള്ളതാണ്. കുന്നിന്റെ ഇറക്കം കഴിഞ്ഞാൽ റെയിൽവേസ്റ്റേഷൻവരെ പാതയുടെ രണ്ടുവശത്തും നെല്പാടങ്ങളാണ്. ഈ പാതയിൽ ആളുകൾക്ക് സായന്തനങ്ങളിൽ കാറ്റുകൊണ്ടിരിക്കാനുള്ള സിമന്റ് ബെഞ്ചുകൾ ഫ്രഞ്ചുകാർ സ്ഥാപിച്ചിരുന്നു.

മയ്യഴി എന്ന ദേശം മയ്യഴിപ്പുഴയുടെ രണ്ട് വശങ്ങളിലായാണ് സ്ഥിതിചെയ്യുന്നത്. മയ്യഴി ടൗണിന്റെ വടക്കുഭാഗത്തെ അതിര് മയ്യഴിപ്പുഴയാണ്. പുഴയുടെ വടക്കുഭാഗം ബ്രിട്ടീഷ് ഇന്ത്യയാണ്. അതിലൂടെ കടന്നുവേണം ഫ്രഞ്ച് ഇന്ത്യയുടെ ഭാഗത്തേക്ക് പോകുവാൻ. ഫ്രഞ്ച് മയ്യഴിയുടെയും ബ്രിട്ടീഷ് തലശ്ശേരിയുടെയും അതിരാണ് ഈ പുഴ എന്നതിനാൽ ഇതിനെ ഇംഗ്ലീഷ് ചാനൽ എന്ന് വിളിക്കുമായിരുന്നു. 1933-ലാണ് പുഴയുടെ രണ്ട് കരകളെയും ബന്ധിപ്പിക്കുന്ന പാലം പണിതത്. ബ്രിട്ടീഷുകാർ നിർമ്മിച്ച പാലത്തിന്റെ നിർമ്മാണച്ചെലവിന്റെ ഒരു ഭാഗം ഫ്രഞ്ചുകാർ വഹിച്ചിരുന്നു. മയ്യഴിയുടെ ഭാഗമായ ചെറുകല്ലായി, ചാലക്കര, പള്ളൂർ, ചെമ്പ്ര, പന്തക്കൽ, മൂലക്കടവ് എന്നീ പ്രദേശങ്ങൾ പുഴയുടെ വടക്കുഭാഗത്താണ്. അവിടേക്ക് പോകാൻ പണ്ട് തോണികളെ ആശ്രയിക്കണമായിരുന്നു. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ ആരംഭിക്കുന്നത് ഫ്രാൻസിൽനിന്ന് മൂപ്പൻസായിവിന് സഞ്ചരിക്കാനായി കൊണ്ടുവന്ന കാർ തീരത്ത് ഇറക്കുന്നതോടെയാണ്. പാലം നിർമ്മിക്കപ്പെട്ടതിനു ശേഷമായിരിക്കുമല്ലോ കാർ കൊണ്ടുവന്നത്. മയ്യഴിയുടെ പഴമ കുതിരവണ്ടികളുടേതാണ്. ഒന്നര ചതുരശ്രകിലോമീറ്ററിനുള്ളിൽ സഞ്ചരിക്കാൻ കാറിന്റെ ആവശ്യമില്ലല്ലോ. നോവലിലെ പ്രതാപികളായ കഥാപാത്രങ്ങളെല്ലാം കുതിരവണ്ടികളാണ് ഉപയോഗിക്കുന്നത്. ദൂരദേശത്തുനിന്നു പെട്ടികളുമായി വരുന്ന യാത്രക്കാരെ റെയിൽവേസ്റ്റേഷനു മുന്നിൽ കാത്തുനില്ക്കുന്ന കുതിരവണ്ടികൾ മയ്യഴിയിലെ മുതിർന്നവരുടെ ഓർമ്മകളിൽ ഇപ്പോഴുമുണ്ട്.

പഴയ ആധാരങ്ങളിലെ ചില പദപ്രയോഗങ്ങൾ ഇന്ന് കാണുമ്പോൾ കൗതുകം തോന്നും. മയ്യഴിയുടെ അതിർത്തിക്കു പുറത്തുള്ളവരെ യൂനിയൻകാർ എന്നാണ് വിളിച്ചുപോന്നിരുന്നത്. കാരണം അവർ ഇന്ത്യൻ യൂനിയനിലെ പ്രജകളാണ്. അതിർത്തിയോട് ചേർന്നുള്ള സ്ഥലങ്ങളുടെ ആധാരങ്ങളിൽ അതിര്

പറയുക ഇന്ത്യയിൽപ്പെട്ട മലയാളം ജില്ല എന്നാണ്. അതുപോലെ മയ്യഴിയോട് ചേർന്നുനില്ക്കുന്ന കേരളത്തിലെ സ്ഥലങ്ങളുടെ ആധാരങ്ങളിൽ മയ്യഴിയാണ് അതിര് എന്നതിന് ഫ്രഞ്ച് രാജ്യം എന്നാണ് എഴുതുക. ഫ്രഞ്ച് ഭരണകാലത്ത് മയ്യഴിയിലെ വസ്തുവുമായി ബന്ധപ്പെട്ട വില്പന, കൈമാറ്റം എന്നിവയുടെ രേഖകളിൽ നൊത്തേർ (നോട്ടറി പബ്ലിക്) മുമ്പാകെയാണ് കക്ഷികളും സാക്ഷികളും ഒപ്പിടുക. ഈ രേഖകളാണ് നൊത്തേർ റജിസ്റ്റാർ ഓഫീസിൽ റജിസ്റ്റർ ചെയ്യുക.

മയ്യഴിയുടെ ചില അടയാളങ്ങളെക്കുറിച്ച് പറയാതെ മയ്യഴിയെന്ന ദേശത്തെക്കുറിച്ചുള്ള ഈ വിവരണം പൂർണ്ണമാവില്ല. അതിൽ ആദ്യത്തേത്, മയ്യഴിപ്പള്ളിയുടെ ഗോപുരത്തിലെ നാഴികമണിയാണ്. പള്ളിയുടെ ഗോപുരത്തിനു മുകളിലിരുന്ന് മയ്യഴിക്കാർക്ക് സമയം കാണിക്കുകയും മണി മുഴക്കുകയും ചെയ്യുന്ന വലിയ ക്ലോക്ക് സ്ഥാപിക്കപ്പെടുന്നത് 1855-ൽ പള്ളിയുടെ ഒരു നവീകരണത്തിന്റെ സന്ദർഭത്തിലാണ്. ലണ്ടനിലെ ബിഗ് ബെൻ സ്ഥാപിക്കപ്പെടുന്നതിന് മൂന്നുവർഷം മുമ്പാണ് ഈ നാഴികമണി സ്ഥാപിക്കപ്പെട്ടത്. ബിഗ് ബെന്നിന്റെ വലുപ്പം മയ്യഴിയിലെ നാഴികമണിക്കില്ല. പക്ഷെ, പഴക്കത്തിന്റെ കാര്യത്തിൽ മുന്നിലാണ്. നാവികരാണ് ഈ മണി സമർപ്പിച്ചതെന്ന് സൂചിപ്പിക്കുന്ന എഴുത്ത് ഇതിന്റെ പിൻഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.

മറിയാന്നാണ് രണ്ടാമത്തേത്. മറിയാ(Marianne)ന്നിന്റെ പ്രതിമയാണ് മയ്യഴിയുടെ പ്രതീകമായി പരക്കെ ഉപയോഗിക്കപ്പെടുന്നത്. മൂപ്പൻസായ്‌വിന്റെ ബംഗ്ലാവിനുമുന്നിലെ പഴയ പാതാറിൽ, ഇപ്പോഴത്തെ ടാഗോർ പാർക്കിൽ ഒരു സ്തൂപത്തിനു മുകളിൽ സ്ഥാപിക്കപ്പെട്ട പ്രതിമയാണ് മറിയാന്നിന്റേത്. ഴാൻ ദാർക്കി(Jeanne d'Arc)ന്റെ പ്രതിമയാണ് ഇതെന്നാണ് പണ്ട് പലരും കരുതിപ്പോന്നത്. ഇംഗ്ലണ്ടുമായുള്ള നൂറ്റാണ്ട് യുദ്ധത്തിൽ ഫ്രഞ്ച് പട്ടാളം പരാജയപ്പെട്ടുകൊണ്ടിരുന്നപ്പോൾ പടനയിക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് ചക്രവർത്തിക്കു മുന്നിൽവന്ന ഇടയപ്പെൺകുട്ടിയാണ് ഴാൻദാർക്ക്. ഇംഗ്ലീഷ് പടയെ തോല്പിച്ച് ഫ്രാൻസിന് വിജയം നേടിക്കൊടുത്തെങ്കിലും പിന്നീട് മതദ്രോഹക്കുറ്റത്തിന് വിചാരണ ചെയ്യപ്പെട്ട് ജീവനോടെ ദഹിപ്പിക്കപ്പെട്ട ചരിത്രമാണ് ഴാൻദാർക്കിന്റേത്. മയ്യഴി പള്ളിയിൽ ഴാൻദാർക്കിന്റെ പ്രതിമ സ്ഥാപിച്ചിട്ടുണ്ട്. മയ്യഴിയുടെ ചരിത്രകാരനായ സി. എച്ച്. ഗംഗാധര

നാണ് നീണ്ട ഗവേഷണങ്ങളിലൂടെ പ്രതിമ മറിയാന്ന് എന്ന ഫ്രഞ്ച് ബിംബത്തിന്റേതാണെന്ന് കണ്ടെത്തിയത്. ഫ്രഞ്ച് വിപ്ലവത്തിന്റെ നൂറാംവാർഷികത്തിന്റെ സ്മാരകമായി 1889-ലാണ് പ്രതിമ സ്ഥാപിക്കപ്പെട്ടത്. ഇക്കാര്യം പ്രതിമയുടെ പീഠത്തിൽ ഫ്രഞ്ച് ഭാഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പുത്തലത്തെ കുട്ടിച്ചാത്തനാണ് മൂന്നമത്തെ ചിഹ്നം. വടക്കൻ കേരളത്തിലെ തിറകളിൽ പലയിടത്തും കുട്ടിച്ചാത്തൻ ഉണ്ടെങ്കിലും മയ്യഴി പുത്തലത്തെ കുട്ടിച്ചാത്തനുമായി ബന്ധപ്പെട്ട് ദേശചരിത്രത്തിന്റെ ഭാഗമായ ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. മയ്യഴിയിലെ പുത്തലത്തിന്റെ കാരണവരും ഫ്രഞ്ചുകാരുടെ വിശ്വസ്തനും പ്രമാണിയുമായ തോലൻമൂപ്പൻ കൊയിലാണ്ടിയിലെ ചാലോറ ഇല്ലത്തെ പൂക്കുട്ടിച്ചാത്തനെക്കണ്ട് ഇങ്ങനെയൊരു കുട്ടിച്ചാത്തൻ തന്റെ പുത്തലത്ത് വേണമെന്ന് ആഗ്രഹിച്ചുവെന്നും അതറിഞ്ഞ് കുട്ടിച്ചാത്തൻ തോലൻ മൂപ്പനോടൊപ്പം പോന്നുവെന്നാണ് ഐതിഹ്യം. പുത്തലത്തെ തിറയാട്ടത്തിൽ പൂക്കുട്ടിച്ചാത്തൻ വളരെ പ്രധാനപ്പെട്ടതാണ്. ഐതിഹ്യത്തെ വിശദീകരിക്കുന്ന വിധത്തിലാണ് ഈ തിറയാട്ടം. മനോഹരമായ മുടിയും മുഖത്തെഴുത്തുമുള്ള പൂക്കുട്ടിച്ചാത്തനാണ് മയ്യഴിയുടെ മറ്റൊരു പ്രതീകം.

ഫ്രഞ്ച്-ബ്രിട്ടീഷ് ഭരണങ്ങളുടെ ഫലമായി മയ്യഴിയുമായി ബന്ധപ്പെട്ട് ആരുടേതുമല്ലാത്ത ചില ഇടങ്ങൾ (No Man's Land) ഉണ്ടായിട്ടുണ്ട്. വസ്തുവിന്റെ ആധാരം അനുസരിച്ച് ഭൂമി കേരളത്തിലാണ്. എന്നാൽ, അവിടെ താമസിക്കുന്നവരുടെ റേഷൻ കാർഡും സമ്മതിദാനാവകാശവും മയ്യഴിയിലാണ്. അവരെ മയ്യഴിയിലെ സ്ഥിരതാമസക്കാരായാണ് ഭരണപരമായ എല്ലാ കാര്യങ്ങൾക്കും പരിഗണിക്കപ്പെടുന്നത്. പുതുച്ചേരി സർക്കാരിന്റെ ആനുകൂല്യങ്ങളെല്ലാം ഇവർക്ക് ലഭിക്കും. പക്ഷെ, അവരുടെ കൈവശമുള്ള ഭൂമി വില്ക്കാനോ പണയപ്പെടുത്തി വായ്പയെടുക്കുവാനോ സാധിക്കുകയില്ല.

1752-ൽ മയ്യഴിയിലെ ജനസംഖ്യ 3500 ആയിരുന്നു. അതിൽ ഏകദേശം 200 പേർ ക്രൈസ്തവരായിരുന്നു. 1791-ൽ ജനസംഖ്യ 4765. 1850-ൽ മൊത്തം ജനസംഖ്യ 5512 ആയിരുന്നു. 1880-ൽ 8383 ആയി. അതിൽ ക്രൈസ്തവർ 191, മുസ്ലിങ്ങൾ 1852, ഹിന്ദുക്കൾ 6340 എന്നാണ് കണക്ക്. 1901-ൽ ജനസംഖ്യ 10,298 ആയി ഉയർ

ന്നു. 1948-ൽ ജനസംഖ്യ 18,293. 2011-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യ 41,816. പുരുഷന്മാർ 19,143. സ്ത്രീകൾ 22,673. സാക്ഷരതാ നിരക്ക് 97.87 ശതമാനം. ലിംഗാനുപാതം ആയിരം പുരുഷന്മാർക്ക് 1184 സ്ത്രീകൾ. ഇപ്പോഴത്തെ ജനസംഖ്യ ഏകദേശം 49,000. ഭൂവിസ്തൃതി 9 ചതുരശ്ര കിലോമീറ്റർ.